**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **08-10-2024 - ൽ മറുപടിയ്ക്ക്**

**സർവ്വീസ് പെൻഷൻ ട്രഷറിമാറ്റലും പേഴ്സണൽ സ്റ്റാഫിന്റെ മസ്റ്ററിംഗും സംബന്ധിച്ച നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർവ്വീസ് പെൻഷൻ ഒരു ട്രഷറിയിൽ നിന്ന് മറ്റൊരു ട്രഷറിയിലേക്ക് മാറ്റുന്നതിന് വ്യവസ്ഥയുണ്ടോ; | (എ) | സർവീസ് പെൻഷൻ ഒരു ട്രഷറിയിൽ നിന്നും മറ്റൊരു ട്രഷറിയിലേയ്ക്ക് മാറ്റുന്നതിനുള്ള വ്യവസ്ഥ കേരള ട്രഷറി കോഡിലും കേരള സർവീസ് റൂൾസിലും ഉൾപ്പെടുത്തിയിട്ടുണ്ട് (KTC Vol II, Rule 290 (എ(ii) & KSR Part III Rule 131). അതിൻപ്രകാരം, ഒരു ട്രഷറി ഓഫീസർക്ക് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ തന്നെ സംസ്ഥാനത്തിനുള്ളിലെ ഒരു ട്രഷറിയിൽ നിന്നും മറ്റൊരു ട്രഷറിയിലേയ്ക്ക് പെൻഷണറുടെ അപേക്ഷയിന്മേൽ പെൻഷൻ പേയ്മെന്റ് ഓർഡർ (PPO) ട്രാൻസ്ഫർ ചെയ്തു നൽകാവുന്നതാണ്. സംസ്ഥാനത്തിന് പുറത്തുള്ള ട്രഷറികളിലേയ്ക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നത് അക്കൗണ്ടന്റ് ജനറൽ മുഖേനയാണ്. |
| (ബി) | എങ്കിൽ അതിൻമേലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | KTC Vol II, Rule 290 (എ(ii)) & KSR Part III, Rule 131 എന്നീ ചട്ടങ്ങളാണ് ഇതിന് ആധാരമായിട്ടുള്ളത്. പെൻഷണർ, പെൻഷൻ മാറ്റേണ്ട ട്രഷറിയുടെ പേര് ഉൾക്കൊള്ളിച്ചുകൊണ്ട് അപേക്ഷയും പെൻഷൻ ബുക്കിന്റെ പെൻഷണറുടെ പകർപ്പും, പെൻഷൻ കൈപ്പറ്റി വരുന്ന ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച്, പി പി ഒ ട്രാൻസ്ഫർ ആവശ്യപ്പെട്ടിരിക്കുന്നത് പെൻഷൻ വിതരണമുള്ള ട്രഷറിയാണെന്ന് ഉറപ്പ് വരുത്തി, അവസാനം നൽകിയ പെൻഷൻ വിവരങ്ങൾ പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി, ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന, ട്രഷറി ഓഫീസർ പെൻഷൻ ബുക്കിന്റെ രണ്ട് പകുതിയും ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്. |
| (സി) | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് മസ്റ്ററിംഗിന് അൺഎംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് ഈ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് തുടർപെൻഷൻ ലഭിക്കുന്നതിന് മറ്റുള്ള പെൻഷൻകാരെ പോലെ തന്നെ വാർഷിക മസ്റ്ററിംഗ് (KTC Vol II ൽ rule 288) നിർബന്ധമാണ്. കേരള സർവീസ് ചട്ടങ്ങൾ ഭാഗം III ലെ ചട്ടം 132 (b) പ്രകാരം, ബിൽ മുഖാന്തിരം പെൻഷൻ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്ന കാലയളവിൽ എല്ലാ മാസവും നോൺ-എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമായിരുന്നു. എന്നാൽ, ബിൽ സമ്പ്രദായം അവസാനിപ്പിച്ച ശേഷം ആറ് മാസത്തിലൊരിക്കൽ ആണ് നോൺ-എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ